ഉത്തരം

ചാത്തന്നൂർ സബ് രജിസ്ട്രാർ ആഫീസിന്റെ നിർമ്മാണം 2005 ആഗസ്റ്റിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അഷ്ടമിച്ചിറ—മാരേക്കാട് പുത്തൻചിറ-വെള്ളാങ്ങല്ലൂർ റോഡ് പണി

73 [655] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ അഷ്ടമിച്ചിറ-മാരേക്കാട് പുത്തൻചിറ-വെള്ളാങ്ങല്ലൂർ റോഡിന്റെ പദ്ധതി റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിരുന്നുവോ;

(ബി) പ്രസ്തുത റോഡ് വർക്ക് നബാർഡ് വഴി നടപ്പിലാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം പ്രസ്തുത റോഡു നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ട് അവലോകനം നടക്കുകയാണ്.

(സി) സ്വീകരിക്കുന്നതാണ്.

എം. ഡി. ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന റോഡുപണികൾ

74 [656] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ ഏതെല്ലാം എം. ഡി. ആർ. റോഡുകളാണ് 2005-06 വർഷത്തിൽ പണി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എം. ഡി. ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം പി. ഡബ്ല്യു. ഡി.-യെക്കൊണ്ട് ചെയ്യിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്ന് പറയാമോ;

(സി) ഏതെല്ലാം പി. ഡബ്ല്യു. ഡി. റോഡുകളാണ് നബാർഡ് വഴി ഈ വർഷം പണി ചെയ്യിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാള നിയോജകമണ്ഡലത്തിലെ ഒട്ടുമിക്ക എം. ഡി. ആർ. റോഡുകളിലും അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുവാൻ ഉദ്ദേശമുണ്ട്. ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ബി) തീരുമാനമായിട്ടില്ല.

(സി) അഷ്ടമിച്ചിറ-വെള്ളാങ്ങല്ലൂർ റോഡിന്റെ പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

പൊയ്യ—തിരുത്തൂർ പാലം നിർമ്മാണം

75 [657] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ പൊയ്യ-തിരുത്തൂർ പാലം നിർമ്മാണത്തിന് നബാർഡ് സഹായം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ പാലത്തിന്റെ പണി ഈ വർഷം ആരംഭിക്കുവാൻ കഴിയുമോ; ഗവൺമെന്റിന്റെ അതിവേഗം ബഹുദൂരം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം തന്നെ പ്രസ്തുത പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

ഒറ്റപ്പാലം—മായന്നൂർ പാലം

76 [658] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയ്ക്ക് കുറുകെ ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(സി) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണം വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly